

ഐ.ജി. വിജയനെതിരായ നടപടി: പോലീസിൽ അമർഷം

തിരുവനന്തപുരം: ഐ.ജി: പി. വിജയനെ സസ്പെൻഡ് ചെയ്ത സർക്കാർ നടപടിക്കെതിരേ പോലീസിൽ പ്രതിഷേധം പുകയുന്നു. മികച്ച സേവനചരിത്രമുള്ള വിജയനെതിരായ നടപടിയിൽ ഐ.പി.എസ്. അസോസിയേഷനും അമർഷത്തിലാണ്.

ട്രെയിൻ തീവയ്പ്പ് കേസിലെ പ്രതിയെക്കുറിച്ചുള്ള മാധ്യമവാർത്തകളുടെ പേരിൽ ഐ.ജിയെ സസ്പെൻഡ് ചെയ്ത സർക്കാർ, പ്രധാനമന്ത്രിയുടെ സംസ്ഥാനസന്ദർശനവുമായി ബന്ധപ്പെട്ട ഇന്റലിജൻസ് ചോർച്ചയിൽ എന്തു നടപടിയെടുത്തെന്ന ചോദ്യവുമുയരുന്നു.

തീവ്രവാദവിരുദ്ധ സ്ക്വാഡ് മേധാവിയെന്ന നിലയിൽ ട്രെയിൻ തീവയ്പ്പ് കേസ് അന്വേഷണോദ്യോഗസ്ഥരെ വിളിച്ചതിന്റെ പേരിൽ ഐ.ജിക്കെതിരേ കൈക്കൊണ്ട നടപടി കൂടിപ്പോയെന്നാണു പൊതുവിലയിരുത്തൽ.

പോലീസിലെ ചേരിപ്പോരും നടപടിക്കു കാരണമാണെന്നു പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ ആരോപിച്ചിട്ടുണ്ട്.

ചേലാമ്പ്ര ബാങ്ക് കവർച്ച ഉൾപ്പെടെ പ്രമാദമായ കേസുകൾ തെളിയിച്ച വിജയന്റെ തൊപ്പിയിൽ സ്റ്റുഡന്റ് പോലീസ് പദ്ധതി, ശബരിമലയിലെ പുണ്യം പൂങ്കാവനം പദ്ധതി, കോവിഡ് കാലത്തെ ഭക്ഷ്യവിതരണം തുടങ്ങി ഒട്ടേറെ പൊൻതൂവലുകളുണ്ട്.

വിജിലൻസ് കേസിന് നീക്കം

പത്തനംതിട്ട: സസ്പെൻഡ് ചെയ്യപ്പെട്ട ഐ.ജി: പി. വിജയന് അനുകൂലമായി കേന്ദ്രം ഏതെങ്കിലും തരത്തിലുള്ള നീക്കം നടത്തിയാൽ അതിനു തടയിടാൻ രണ്ടു വിജിലൻസ് കേസ് കൂടി രജിസ്റ്റർ ചെയ്യാൻ സംസ്ഥാന സർക്കാർ നീക്കം തുടങ്ങി.

ശബരിമലയെ മാലിന്യവിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഐ.ജി: പി. വിജയന്റെ നേതൃത്വത്തിൽ വിഭാവനം ചെയ്ത "പുണ്യം പൂങ്കാവനം പദ്ധതി", ഏറെ പ്രശംസ പിടിച്ചുപറ്റിയ "സ്റ്റുഡന്റ്സ് പോലീസ് പദ്ധതി" എന്നിവയിൽ അഴിമതി നടന്നെന്ന ആരോപണം ഉന്നയിച്ചാകും വിജിലൻസ് അന്വേഷണം പ്രഖ്യാപിക്കുക.

മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിയാണ് ഐ.ജി: വിജയനെതിരേ കരുക്കൾ നീക്കുന്നതെന്ന് ആരോപണമുയർന്നിട്ടുണ്ട്.

ട്രെയിൻ തീവയ്പ്പ് കേസിലെ പ്രതി ഷാറുഖ് സെയ്ഫിയുടെ നാട്ടുകാരൻ ഹോട്ടലിൽ തൂങ്ങിമരിച്ച നിലയിൽ

● മരണം മകനെ ചോദ്യംചെയ്യാൻ വിളിപ്പിച്ചിരിക്കെ

കൊച്ചി: എലത്തൂർ ട്രെയിൻ തീവയ്പ്പ് കേസിലെ പ്രതി ഷാറുഖ് സെയ്ഫിയുടെ നാട്ടുകാരനായ ഇതരസംസ്ഥാനക്കാരൻ മുഹമ്മദ് ഷഫീഖിനെ(46) കൊച്ചിയിലെ ഹോട്ടലിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. ഇയാളുടെ മകൻ മുഹമ്മദ് മോനിയെ ഷഹീൻബാഗിലെത്തിയ അന്വേഷണ സംഘം തെരഞ്ഞിരുന്നു. മുഹമ്മദ് മോനിക്കൊപ്പമാണ് ഷഫീഖ് കഴിഞ്ഞ 16 നു കൊച്ചിയിലെത്തി ഹോട്ടലിൽ മുറിയെടുത്തത്.

അന്വേഷണസംഘം മോനിയെ ചോദ്യംചെയ്യാൻ വിളിപ്പിച്ചതാണെന്നു ഹോട്ടലിലെ ജീവനക്കാരോട് ഇവർ പറഞ്ഞിരുന്നു. മോനിയെ കഴിഞ്ഞദിവസം എൻ.ഐ.എ. ചോദ്യം ചെയ്തിരുന്നു. കൊച്ചി വിട്ടുപോകരുതെന്നും ചോദ്യംചെയ്യൽ തുടരുമെന്നും അന്വേഷണസംഘം അറിയിച്ചിരുന്നു. ഇരുവരുടെയും മൊബൈൽഫോൺ ഉൾപ്പെടെ പരിശോധനയ്ക്കായി വാങ്ങിയിട്ടുണ്ടെന്നാണു സൂചന.

കൊച്ചിയിലെത്തിയ ഷഫീഖ് പലപ്പോഴും അസ്വസ്ഥനായി കാണപ്പെട്ടതായി ഹോട്ടൽ ജീവനക്കാർ പോലീസിനോടു പറഞ്ഞു. എറണാകുളം ടൗൺ സൗത്ത് പോലീസിന്റെ പരിധിയിലുള്ള ഹോട്ടലിലെ മുറിയിലാണ് ഇന്നലെ പുലർച്ചെ മൃതദേഹം കണ്ടെത്തിയത്. മുഹമ്മദ് ഷാഫിക്ക് മജീദുള്ള, ഡി 15 എ, ഷഹീൻ ബാഗ്, അബ്ദുൽ ഫസൽ എൻക്ലേവ്, ജാമിയ നഗർ, ഒഖ്ല, സൗത്ത് ഡൽഹി എന്ന വിലാസമാണു ഹോട്ടലിൽ നൽകിയിരുന്നത്.

നേരത്തെ കേസന്വേഷിച്ച കേരള പോലീസിന്റെ പ്രത്യേക സംഘമോ ഇപ്പോൾ കേസന്വേഷിക്കുന്ന ദേശീയ അന്വേഷണ ഏജൻസിയോ (എൻ.ഐ.എ.) സംഭവത്തെക്കുറിച്ചു പ്രതികരിച്ചിട്ടില്ല. ഇന്നലെ പുലർച്ചെ കുളിമുറിയിലാണ് മരിച്ചനിലയിൽ ഷഫീഖിനെ കണ്ടെത്തിയത്.

എലത്തൂർ ട്രെയിൻ തീവയ്പ്പ് കേസുമായി ബന്ധപ്പെട്ട സംഭവമായതിനാൽ വിശദമായ ഫൊറൻസിക് പരിശോധനകൾക്കു ശേഷമേ യഥാർഥ മരണകാരണം വെളിപ്പെടുകയുള്ളൂ. മൃതദേഹം മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

● കെ-സ്റ്റോറിനോടു മുഖംതിരിച്ച് റേഷൻ വ്യാപാരികൾ

ഇ-പോസ് വീണ്ടും പണിമുടക്കി; റേഷൻ വിതരണത്തിൽ തടസം

● ജി. അരുൺ

തിരുവനന്തപുരം

സംസ്ഥാനത്തെ റേഷൻ വിതരണത്തിൽ ഇന്നലെ വീണ്ടും തടസം. ഇ-പോസ് സെർവർ തകരാറിലായതിനെത്തുടർന്നാണു വിതരണം മുടങ്ങിയത്. ഉച്ചയോടെ തകരാർ പരിഹരിക്കുമെന്നു മന്ത്രി ജി.ആർ. അനിൽ അറിയിച്ചിരുന്നെങ്കിലും പൂർണമായി പരിഹരിക്കാനായില്ല. സെർവർ തകരാർ മൂലം കഴിഞ്ഞ മാസം പകുതിയിലേറെ കാർഡുടമകൾക്ക് റേഷൻ മുടങ്ങിയിരുന്നു. പലയിടത്തും ഇത് സംഘർഷ സാധ്യതയുണ്ടാക്കി. എന്നാൽ മാസാവസാനമടക്കം വിതരണം സുഗമമായി നടന്നിരുന്നു. എന്നാൽ വീണ്ടും താളം തെറ്റലുണ്ടായതോടെ ജനങ്ങളും വ്യാപാരികളും പ്രതിസന്ധിയിലാണ്. പതിവിൽനിന്നു വ്യത്യസ്തമായി കുത്തരി, പുഴുക്കലരി, പച്ചരി എന്നിവയെല്ലാം കടകളിൽ ഉണ്ടായിരിക്കെയാണ് സെർവർ പണിമുടക്ക്.

സംസ്ഥാനത്തെ റേഷൻകടകളുടെ വിവരശേഖരം ഐടി മിഷന്റെ ഡേറ്റ സെന്ററിലെ സെർവറിൽനിന്നു ക്ലൗഡ് സ്റ്റോറേജിലേക്കു മാറ്റി. ഇപോസ് മുഖേനയുള്ള റേഷൻ വിതരണം നിയന്ത്രിക്കുന്ന ഹൈദരാബാദിലെ നാഷനൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ നിർദ്ദേശപ്രകാരമാണിത്.

രണ്ടാം വാർഷികമാഘോഷിക്കുന്ന സംസ്ഥാന സർക്കാർ നൂറുദിന കർമപദ്ധതിയുടെ ഭാഗമായി കൊട്ടിഘോഷിച്ചു നടപ്പാക്കുന്ന കെ- സ്റ്റോറുകളോടു (കേരള സ്റ്റോർ) റേഷൻ വ്യാപാരികൾക്കു താൽപര്യക്കുറവെന്നു സൂചന. സംസ്ഥാനത്ത് 108 റേഷൻകടകൾ കെ സ്റ്റോർ ആക്കിയിരുന്നു. എന്നാൽ റേഷൻവ്യാപാരികൾക്കു പ്രഖ്യാപിച്ചത്ര ഗുണഫലങ്ങൾ ലഭിക്കില്ലെന്നും നഷ്ടമുണ്ടാകുമെന്നും ആരോപിച്ചാണ് ഒരു വിഭാഗം വ്യാപാരികളുടെ എതിർപ്പ്. കണ്ണൂരിലെയടക്കമുള്ള വ്യാപാരികൾ കെ-സ്റ്റോറുകൾക്കെതിരേ രംഗത്തു വന്നിട്ടുണ്ട്.

പൊതുവിതരണ സംവിധാനത്തെ കൂടുതൽ ജനസൗഹൃദമാക്കാൻ ആവിഷ്കരിച്ചതാണു കെ-സ്റ്റോർ. റേഷൻകടകളുടെ പശ്ചാത്തലസൗകര്യം വികസിപ്പിച്ച് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ സേവനങ്ങളും ഉൽപ്പന്നങ്ങളും ലഭ്യമാക്കുകയാണു ലക്ഷ്യം. 10,000 രൂപയുടെ വരെ ഇടപാട് നടത്താൻ കഴിയുന്ന മിനി ബാങ്കിങ് സംവിധാനം, യൂട്ടിലിറ്റി പേമെന്റ് സംവിധാനം (ഇലക്ട്രിസിറ്റി ബില്ല്, വാട്ടർ ബില്ല് ഉൾപ്പെടെയുള്ളവ അടയ്ക്കാനുള്ള സൗകര്യം), സപ്ലൈകോ ശബരി ഉൽപ്പന്നങ്ങൾ, മിൽമ ഉൽപ്പന്നങ്ങൾ, ഛോട്ടു ഗ്യാസ് (അഞ്ചു കിലോയുടെ പാചക വാതക സിലിൻഡർ) എന്നിവയടക്കം നിരവധി സേവനങ്ങൾ കെ-സ്റ്റോറുകളിൽ ലഭിക്കുമെന്നായിരുന്നു വാഗ്ദാനം. എന്നാൽ ആദ്യഘട്ടത്തിൽ ലഭിക്കുമെന്നു പറഞ്ഞിരുന്ന 13 സബ്സിഡി ഐറ്റങ്ങൾ പോലും കിട്ടിയില്ലെന്നു വ്യാപാരികൾ പറയുന്നു. അക്ഷയയുടേതിനു സമാനമായി പറഞ്ഞിരുന്ന സേവനങ്ങളും ഉണ്ടായില്ല. ശബരി ഉൽപ്പന്നങ്ങൾക്ക് ഓപ്പൺ മാർക്കറ്റിനേക്കാൾ വില ക്കൂടുതലാണ്. ഇതിലുൾപ്പെട്ട കരിപൗഡറുകളും വെളിച്ചെണ്ണയും വിറ്റാൽ ലാഭം കിട്ടില്ലെന്നും വ്യാപാരികൾക്കു പരാതിയുണ്ട്. മൂന്നര മുതൽ പത്തു ശതമാനം വരെയാണ് ഇതിന്റെ കമ്മീഷൻ. അതേസമയം മറ്റുൽപ്പന്നങ്ങൾ വിറ്റാൽ 15 മുതൽ 25 വരെ ശതമാനം കമ്മീഷൻ കിട്ടും. വലിയ കുറ്റികൾക്കു വിലക്കുറവായതിനാൽ ഛോട്ടു ഗ്യാസിന് ആവശ്യക്കാർ കുറവാണ്. മിനി ബാങ്കിങ് സംവിധാനം തുടരാൻ 100 ചോദ്യങ്ങളുള്ള പരീക്ഷ പാസാകണം. തുടർന്നാണ് കൂടുതൽ വ്യാപാരികളും കെ-സ്റ്റോറിനോടു മുഖം തിരിച്ചത്. എന്നാൽ വ്യാപാരികളുടെ ആശങ്കയകറ്റി കെ സ്റ്റോറുമായി മുന്നോട്ടു പോകുമെന്നാണ് അധികൃതരുടെ ഭാഷ്യം. ഈ സാമ്പത്തിക വർഷം 1000 ഹ- സ്റ്റോറുകൾ ആരംഭിക്കുകയാണു ലക്ഷ്യം.

മസ്തിഷ്ക ക്യാൻസർ ചികിത്സയിൽ വഴിത്തിരിവ്; കണ്ടെത്തലിനു പിന്നിൽ മലയാളി

തിരുവനന്തപുരം: തലച്ചോറിലെ ക്യാൻസർ മൂലമുള്ള ഓർമക്ഷയവും മരണനിരക്കും കുറയ്ക്കാൻ സഹായിക്കുന്ന കണ്ടെത്തലുമായി മലയാളി ശാസ്ത്രജ്ഞയും സംഘവും.

കാലിഫോർണിയ സർവകലാശാലയിലെ സാൻ ഫ്രാൻസിസ്കോ മെഡിക്കൽ സെന്ററിലെ ഗവേഷക തിരുവനന്തപുരം സ്വദേശി സരിത കൃഷ്ണയുടെ നേതൃത്വത്തിലാണു കണ്ടെത്തൽ.

ആരോഗ്യമുള്ള മസ്തിഷ്ക കോശങ്ങളും ക്യാൻസർ കോശങ്ങളും തമ്മിലുള്ള ആശയവിനിമയം ട്യൂമറിന്റെ വളർച്ചയെ മന്ദഗതിയിലാക്കാനോ തടയാനോ സഹായിക്കുമെന്നാണു സരിതയുടെയും സംഘത്തിന്റെയും കണ്ടെത്തൽ.

● സരിത കൃഷ്ണ

ട്യൂമർ സെല്ലുകളുടെ ഹൈപ്പർ ആക്ടിവിറ്റി കുറയ്ക്കുന്നതിനും അവയുടെ വളർച്ച തടയുന്നതിനും സാധാരണയായി ഉപയോഗിക്കുന്ന ഗബാപെന്റിൻ തുടങ്ങിയ മരുന്നുകൾ ഫലപ്രദമാണെന്നും ഗവേഷകർ കണ്ടെത്തി. "നേച്ചർ" ജേണലിന്റെ പുതിയ ലക്കത്തിലാണ് പഠനം പ്രസിദ്ധീകരിച്ചത്.

മസ്തിഷ്ക ക്യാൻസറുകളിൽ ഏറ്റവും മാരകമായി കണക്കാക്കപ്പെടുന്ന ഗ്ലിയോബ്ലാസ്റ്റോമ രോഗികൾക്ക് ഈ കണ്ടെത്തലുകൾ കൂടുതൽ പ്രയോജനപ്പെടുമെന്നാണു പ്രതീക്ഷ.

മനുഷ്യർക്ക് കാര്യങ്ങൾ ഗ്രഹിക്കാനുള്ള കഴിവിനെ ബ്രെയിൻ ട്യൂമറുകൾ എങ്ങനെ ബാധിക്കുന്നെന്നാണു സരിതയും സഹ ശാസ്ത്രജ്ഞൻ ഷോൺ ഹെർവി ജമ്പറും പഠിച്ചത്. ഗ്ലിയോമ രോഗികളിൽ മസ്തിഷ്കത്തിന്റെ പ്രവർത്തനങ്ങളിൽ കുറവ് കണ്ടെത്തി.

ബോധംകെടുത്താതെയുള്ള മസ്തിഷ്ക ശസ്ത്രക്രിയയ്ക്കിടെ രോഗികൾക്ക് ഭാഷാ പ്രവൃത്തികൾ നൽകിയപ്പോൾ, തലച്ചോറിന്റെ പൊതുവായി അറിയപ്പെടുന്ന ഭാഷാ മേഖലകൾക്ക് പുറമേയുള്ള മേഖലകളും പ്രവർത്തിക്കുന്നതായി സംഘം കണ്ടെത്തി.

ട്യൂമർ നുഴഞ്ഞുകയറിയ മസ്തിഷ്ക മേഖലകൾ ഭാഷാ മേഖലകളിൽനിന്ന് അകലെയായിരുന്നു. ചുറ്റുമുള്ള മസ്തിഷ്ക കോശങ്ങളിലെ ബന്ധങ്ങളെ പുനഃക്രമീകരിക്കാനും അവയെ ഹൈപ്പർ ആക്റ്റീവ് ആക്കാനും കാൻസർ കോശങ്ങൾക്കു കഴിയുമെന്നായിരുന്നു സരിതയുടെയും സംഘത്തിന്റെയും നിഗമനം.

എ.ഐ. ക്യാമറാവിവാദം: കെൽട്രോണിനെ ന്യായീകരിച്ച് മുഹമ്മദ് ഹനീഷിന്റെ റിപ്പോർട്ട്

● സ്വന്തം ലേഖകൻ

തിരുവനന്തപുരം

എ.ഐ ക്യാമറ വിവാദത്തിൽ കെൽട്രോണിന്റെ നടപടികളെ ന്യായീകരിച്ച് മുൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷിന്റെ റിപ്പോർട്ട്. " കെൽട്രോണിന്റെ നടപടികളിൽ വീഴ്ചകളില്ല. എല്ലാം സുതാര്യമായാണ് നടന്നത്. കേന്ദ്ര വിജിലൻസ് കമ്മിഷൻ മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ച് തന്നെയാണ് ടെൻഡർ നടപടികൾ പൂർത്തിയാക്കിയത്. അതേസമയം ഉപകരാറിൽ മറ്റു പണികൾ ഏറ്റെടുത്ത കമ്പനികളുടെ പേരുകൾ ചേർത്തത് തെറ്റായിപ്പോയി"- റിപ്പോർട്ട് പറയുന്നു. ഇന്നലെ പത്രസമ്മേളനത്തിൽ മന്ത്രി പി. രാജീവ് റിപ്പോർട്ട് പുറത്തുവിട്ടു.

കെൽട്രോണും എസ്.ആർ.ഐ.ടിയും തമ്മിലാണ് കരാർ. അത്തരത്തിൽ കരാർ എടുക്കുന്ന കമ്പനി വിവിധ പ്രവർത്തികൾക്കായി മറ്റു പല സ്ഥാപനങ്ങളേയും ആശ്രയിച്ചേക്കാം. എന്നാൽ ആ സ്ഥാപനങ്ങളുടെ പേരുകളൊന്നും കരാറിൽ നിർദ്ദേശിക്കേണ്ടിയിരുന്നില്ല. യഥാർഥത്തിൽ കെൽട്രോൺ തയാറാക്കിയതിൽ അതുണ്ടായിരുന്നില്ല. അത് വരാൻ പാടില്ലായിരുന്നു.

ക്യാമറയ്ക്ക് എന്തുവിലയാകുമെന്ന് ആരും പരിശോധിച്ചിട്ടില്ല. 2003ൽ കെൽട്രോണിന് കരാർ നൽകിയപ്പോൾ ടെൻഡർ പോലും വിളിക്കാതെ നേരേ ക്യാമറ വാങ്ങുകയായിരുന്നു ചെയ്തത്. 100 ക്യാമറ 45 കോടിക്ക് കെൽട്രോണിന് ഓഡർ നൽകിയിരുന്നു. അന്ന് കെൽട്രോണിന് നൽകിയതിൽ ടെൻഡറിൽ വ്യവസ്ഥയുണ്ടായിരുന്നില്ല. ഇത് കെൽട്രോൺ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം പേരുകൾ വരുമ്പോൾ മറ്റുള്ളവർക്ക് ചില വാതിലുകൾ തുറന്നുകിട്ടുന്നു. അത് വേണ്ടായിരുന്നു.ഇതിൽ പുകമറ സൃഷ്ടിക്കലാണ് യഥാർത്ഥത്തിൽ നടന്നിട്ടുള്ളത്.

ഭാവിയിൽ ഇത്തരം ഒരു പദ്ധതി നടപ്പാക്കുമ്പോൾ ഒരു ഉന്നതാധികാരസമിതി രൂപീകരിക്കുന്നതു നല്ലതായിരിക്കുമെന്ന ശിപാർശയും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

ഗ്യാൻവാപി പള്ളിയിലെ ശിവലിംഗം; ശാസ്ത്രീയ പരിശോധന സുപ്രീം കോടതി തടഞ്ഞു

ന്യൂഡൽഹി: വരാണസി ഗ്യാൻവാപി മോസ്കിലെ ശാസ്ത്രീയ പരിശോധന സുപ്രീം കോടതി തടഞ്ഞു. ശ്രദ്ധാപൂർവം ഇടപെടേണ്ട വിഷയമാണെന്നു ചൂണ്ടിക്കാട്ടിയാണു ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ പി. നരസിംഹ, കെ.വി. വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ചിന്റെ വിധി.

ഗ്യാൻവാപി മോസ്കിൽനിന്നു കണ്ടെടുത്ത ശിവലിംഗത്തിന്റെ കാലപ്പഴക്കം നിർണയിക്കാനുള്ള കാർബൺ ഡേറ്റിങ് ഉൾപ്പെടെയുള്ള ശാസ്ത്രീയ പരിശോധനകളാണ് സുപ്രീം കോടതി തടഞ്ഞത്.

ശിവലിംഗത്തിന്റെ കാലപ്പഴക്കം നിർണയിക്കാൻ കാർബൺ ഡേറ്റിങ് ഉൾപ്പെടെയുള്ള ശാസ്ത്രീയ പരിശോധനകൾ നടത്താനുള്ള മേയ് 12 ലെ അലാഹാബാദ് ഹൈക്കോടതി ഉത്തരവിനെ ചോദ്യം ചെയ്തുള്ള ഹർജി പരിഗണിക്കുകയായിരുന്നു സുപ്രീം കോടതി. ഹൈക്കോടതി വിധിക്കെതിരേ ഗ്യാൻവാപി മസ്ജിദ് കമ്മിറ്റിയാണു സുപ്രീം കോടതിയെ സമീപിച്ചത്. ഹർജിയിൽ കേന്ദ്ര സർക്കാരിനും യു.പി. സർക്കാരിനും മറ്റു കക്ഷികൾക്കും കോടതി നോട്ടീസ് അയച്ചു.

ഹൈക്കോടതി ഉത്തരവിന്റെ പ്രത്യാഘാതങ്ങൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതിനാൽ, നിർദേശങ്ങൾ നടപ്പിലാക്കുന്നത് പരിഗണിക്കുന്നത് അടുത്ത തീയതിയിലേക്ക് മാറ്റിവയ്ക്കുന്നതായി ചീഫ് ജസ്റ്റിസ് വ്യക്തമാക്കി.

സിദ്ധരാമയ്യയുടെ സത്യപ്രതിജ്ഞ: പ്രതിപക്ഷനേതാക്കളെത്തും

ബംഗളുരു: ബി.ജെ.പി. ഇതര മുഖ്യമന്ത്രിമാരുടെ സംഗമവേദിയാകില്ലെങ്കിലും കർണാടകയിൽ സിദ്ധരാമയ്യയുടെ സത്യപ്രതിജ്ഞാച്ചടങ്ങിന് പ്രതിപക്ഷനേതാക്കളെത്തും. ഇന്നു രാവിലെ 12.30 നു ബംഗളുരു ശ്രീകണ്ഠീരവ സ്റ്റേഡിയത്തിലാണു സത്യപ്രതിജ്ഞ.

● ബി.ജെ.പി. ഇതര മുഖ്യമന്ത്രിമാർക്കു ക്ഷണമില്ല

കേരള മുഖ്യമന്ത്രി പിണറായി വിജയൻ, ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ, തെലങ്കാന മുഖ്യമന്ത്രി കെ. ചന്ദ്രശേഖര റാവു, ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി വൈ.എസ്. ജഗൻമോഹൻ റെഡ്ഡി തുടങ്ങിയവരെ സത്യപ്രതിജ്ഞാച്ചടങ്ങിലേക്കു കോൺഗ്രസ് ക്ഷണിച്ചിട്ടില്ല. ബി.എസ്.പി. നേതാവ് മായാവതിക്കും ക്ഷണമില്ല.

അതേസമയം, പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജിയെ ചടങ്ങിലേക്കു ക്ഷണിച്ചിട്ടുണ്ടെങ്കിലും മുൻകൂട്ടി നിശ്ചയിച്ച പരിപാടികളുള്ളതിനാൽ അവർ ബംഗളുരുവിലെത്തില്ല. തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ, ഝാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ദ് സോറൻ, ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ, ഉപമുഖ്യമന്ത്രി തേജസ്വി യാദവ്, എൻ.സി.പി. അധ്യക്ഷൻ ശരദ് പവാർ, മഹാരാഷ്ട്ര മുൻമുഖ്യമന്ത്രി ഉദ്ധവ് താക്കറെ, ജമ്മു കശ്മീർ മുൻ മുഖ്യമന്ത്രി മെഹബൂബ മുഫ്തി, സി.പി.എം. ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി, സി.പി.ഐ. ജനറൽ സെക്രട്ടറി ഡി. രാജ, നടനും മക്കൾ നീതി മയ്യം നേതാവുമായ കമൽഹാസൻ തുടങ്ങിയവരെ സത്യപ്രതിജ്ഞാച്ചടങ്ങിലേക്കു ക്ഷണിച്ചിട്ടുണ്ട്. സി.പി.ഐ. ജനറൽ സെക്രട്ടറി ഡി.രാജയ്ക്കും ക്ഷണം ലഭിച്ചിട്ടുണ്ട്.

പ്രതിപക്ഷ പാർട്ടികളുടെ അധ്യക്ഷന്മാരെയാണ് ക്ഷണിച്ചതെന്ന് കോൺഗ്രസ് അറിയിച്ചു. ക്ഷണിക്കപ്പെട്ട മുഖ്യമന്ത്രിമാർ അതാത് പാർട്ടികളുടെ അധ്യക്ഷന്മാരാണെന്നും പാർട്ടി വിശദീകരണം നൽകി.

കോൺഗ്രസ് മുഖ്യമന്ത്രിമാരായ അശോക് ഗെലോട്ട്(രാജസ്ഥാൻ), ഭൂപേഷ് ബാഗൽ(ഛത്തീസ്ഗഡ്), സുഖ്‌വീന്ദർ സിങ് സുഖു(ഹിമാചൽപ്രദേശ്) എന്നിവരും ചടങ്ങിൽ പങ്കെടുക്കും. ഇന്ന് ഉച്ചയ്ക്ക് 12.30-ന് ബംഗളുരുവിലെ ശ്രീകണ്ഠീരവ സ്റ്റേഡിയത്തിലാണ് സത്യപ്രതിജ്ഞാച്ചടങ്ങ്. ബി.ജെ.പിയുടെയും ജെ.ഡി.എസിന്റെയും നേതാക്കളെയും ചടങ്ങിലേക്കു ക്ഷണിച്ചിട്ടുണ്ട്.

കെ-ഫോൺ പദ്ധതി ഉദ്ഘാടനം അഞ്ചിന്

തിരുവനന്തപുരം: കെ-ഫോൺ പദ്ധതിയുടെ ഉദ്ഘാടനം അടുത്ത മാസം അഞ്ചിന്. സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന, കുടുംബങ്ങൾക്കു സൗജന്യമായും മറ്റുള്ളവർക്കു മിതമായ നിരക്കിലും അതിവേഗ ഇന്റർനെറ്റ് സൗകര്യം കെ-ഫോൺ മുഖേന ലഭ്യമാകും. നിലവിൽ 18000 സർക്കാർ സ്ഥാപനങ്ങളിൽ കെ-ഫോൺ മുഖേന ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിക്കഴിഞ്ഞു. 7000 വീടുകളിൽ കണക്ഷൻ ലഭ്യമാക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചു.

ഡോ. കെ.എൻ. മധുസൂദനന് ഡി.ആർ.ഡി.ഒയുടെ അവാർഡ്

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ മുൻ വൈസ് ചാൻസലർ ഡോ. കെ.എൻ. മധുസൂദനൻ, ഡിഫെൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ഡിആർഡിഒ) നൽകുന്ന അവാർഡിന് അർഹനായി. അക്കാദമിക മികവിനുള്ള 2020 ലെ അവാർഡിനാണ് അദ്ദേഹം അർഹനായത്.

പ്രഫ. കെ. എൻ. മധുസൂദനൻ, സർവകലാശാല രജിസ്ട്രാർ ആയും, ഇൻസ്ട്രുമെന്റേഷന് വകുപ്പിൽ ദീർഘകാലം വകുപ്പ് മേധാവി ആയും, പ്രൊഫസർ ആയും സിൻഡിക്കേറ്റ് അംഗമായും മഹാത്മാ ഗാന്ധി സർവകലാശാല എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി ഡീൻ ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മെയ് 26 ന് ഡൽഹിയിലെ ഡിആർഡിഒ ഭവനിൽ വച്ച് നടക്കുന്ന ചടങ്ങിൽ പുരസ്കാരം ഏറ്റുവാങ്ങും.

● ഹിൻഡെൻബർഗ് ആരോപണം

സെബിക്ക് ക്ലീൻ ചിറ്റ് നൽകി സുപ്രീം കോടതി സമിതി

● സെബിക്ക് വീഴ്ച സംഭവിച്ചില്ലെന്നും റിപ്പോർട്ട്

ന്യൂഡൽഹി: ഓഹരിവിപണിയിലെ ക്രമക്കേട് സംബന്ധിച്ച് യു.എസ്. ആസ്ഥാനമായ ഹിൻഡെൻബർഗ് റിസർച്ച് ഉന്നയിച്ച ആരോപണങ്ങളിൽ കേന്ദ്രസർക്കാർ ഏജൻസി "സെബി"ക്ക് (സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ) ക്ലീൻ ചിറ്റ് നൽകി സുപ്രീം കോടതി നിയോഗിച്ച വിദഗ്ധസമിതി. റിപ്പോർട്ട് അദാനി ഗ്രൂപ്പിനും ആശ്വാസമായി.

അദാനി ഗ്രൂപ്പ് ഓഹരികൾക്കു വിപണിയിൽ വില പെരുപ്പിച്ചുകാട്ടിയെന്ന ഹിൻഡെൻബർഗ് ആരോപണം അടിസ്ഥാനരഹിതമാണ്. ആരോപണങ്ങളേത്തുടർന്ന് പ്രതിസന്ധി ലഘൂകരിക്കാൻ അദാനി ഗ്രൂപ്പ് വിപണിയിൽ നടത്തിയ ഇടപെടൽ നിക്ഷേപകർക്ക് ആത്മവിശ്വാസമേകി. ഓഹരികൾ നിലവിൽ സ്ഥിരത കൈവരിച്ചിട്ടുണ്ട്.

സെബി നൽകിയ വിശദീകരണപ്രകാരം, വില പെരുപ്പിച്ചുകാട്ടൽ സംബന്ധിച്ച ആരോപണങ്ങളിൽ വിപണി നിയന്ത്രണവീഴ്ചയുണ്ടായതായി കണ്ടെത്താനായില്ല.

എന്നാൽ, നിയമം നടപ്പാക്കുന്ന കാര്യത്തിൽ (എൻഫോഴ്സ്മെന്റ്) യുക്തിസഹവും സുസ്ഥിരവുമായ നയമുണ്ടാകണമെന്നു സമിതി ശിപാർശ ചെയ്തു.

അദാനി ഗ്രൂപ്പിനെതിരായ ഹിൻഡെൻബർഗ് ആരോപണങ്ങളിൽ സെബിയുടെ അന്വേഷണത്തിനു പുറമേയാണു സുപ്രീം കോടതി വിദഗ്ധസമിതി രൂപീകരിച്ചത്. ഹിൻഡെൻബർഗ് റിപ്പോർട്ട് പുറത്തുവരുന്നതിനു മുമ്പ് ചില കമ്പനികൾ സ്വീകരിച്ച നിലപാട് ദുരൂഹമാണെന്നു സെബി കണ്ടെത്തിയിരുന്നു.

റിപ്പോർട്ട് പുറത്തുവന്നതിനേത്തുടർന്ന് ഓഹരി വിപണി ഇടിഞ്ഞപ്പോൾ ലാഭമുണ്ടാക്കിയ കമ്പനികളാണിവ. ഇക്കാര്യത്തിൽ സെബി അന്വേഷണം പുരോഗമിക്കുന്നതിനാൽ അഭിപ്രായം പറയുന്നില്ലെന്നും സമിതി വ്യക്തമാക്കി. ഹിൻഡെൻബർഗ് ആരോപണങ്ങളിൽ അന്വേഷണം പൂർത്തിയാക്കാൻ സെബിക്ക് ഓഗസ്റ്റ് 14 വരെ സുപ്രീം കോടതി സാവകാശമനുവദിച്ചിട്ടുണ്ട്.

കേസെടുക്കാൻ തെളിവില്ല

ആരോപണം സംബന്ധിച്ചു കേസെടുക്കാൻ ആവശ്യമായ തെളിവുകൾ സെബിക്കു കണ്ടെത്താനായില്ലെന്നു സമിതി ചൂണ്ടിക്കാട്ടി.

അദാനി ഗ്രൂപ്പിലെ വിദേശനിക്ഷേപകർ സെബി നിയന്ത്രണങ്ങളിൽ തൃപ്തരാണെന്നും റിപ്പോർട്ടിൽ പറയുന്നു. സുപ്രീം കോടതിയിൽനിന്നു വിരമിച്ച ജസ്റ്റിസ് എ.എം. സാപ്രെ, ബോംബെ ഹൈക്കോടതിയിൽനിന്നു വിരമിച്ച ജസ്റ്റിസ് ജെ.പി. ദേവാധർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മുൻ ചെയർമാൻ ഒ.പി. ഭട്ട്, ഐ.സി.ഐ.സി.ഐ. ബാങ്ക് മുൻമേധാവി കെ.വി. കാമത്ത്, ഇൻഫോസിസ് സഹസ്ഥാപകൻ നന്ദൻ നിലേകനി, വിഷയവിദഗ്ധൻ സോമശേഖർ സുന്ദരേശൻ എന്നിവരാണു സമിതി അംഗങ്ങൾ.

മൺസൂൺവരവിനു തടസം ഫേബിയൻ ചുഴലി

● ബൈജു ഭാസി

കൊച്ചി

മൺസൂൺ കാറ്റിന്റെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലേക്കുള്ള പ്രവേശനത്തിനു തടസമായി ഫേബിയൻ ചുഴലി. തെക്കൻ ഇന്ത്യൻ സമുദ്രത്തിൽ മഡഗാസ്കറിനു സമീപമുള്ള ചുഴലിക്കാറ്റാണ് മൺസൂൺ കാറ്റിന്റെ വേഗം കുറയ്ക്കുന്നത്. തെക്കൻ ഇന്ത്യൻ സമുദ്രത്തിൽ നിന്നാണ് മൺസൂണിന്റെ തുടക്കം.

നിലവിൽ മൺസൂൺ ആൻഡമാനിൽ സാന്നിധ്യമറിയിച്ചു കഴിഞ്ഞിട്ടുണ്ട്. ആൻഡമാനിൽ മൺസൂൺ എത്തിയാൽ സ്വാഭാവികമായി നാലോ അഞ്ചോ ദിവസങ്ങൾക്കുള്ളിൽ കേരളത്തിലെത്തേണ്ടതാണ്. എന്നാൽ, ഫേബിയൻ ചുഴലിക്കാറ്റുമൂലം മൺസൂൺ എത്തുന്നത് വൈകുകയാണ്.

ഇക്കാരണത്താലാണ് അടുത്തമാസം നാലോടെയേ മൺസൂൺ തീരമണയുകയുള്ളൂവെന്ന് കേന്ദ്ര കാലാവസ്ഥ ഗവേഷണ കേന്ദ്രം കാലേക്കൂട്ടി അറിയിച്ചത്. മൺസൂൺ കാലത്ത് അറബിക്കടലിൽ ചുഴലിക്കാറ്റിനും സാധ്യതയുണ്ട്. കേരളത്തെ ഇതു ബാധിക്കുകയില്ലെങ്കിലും വടക്കൻ സംസ്ഥാനങ്ങളിലേക്കുള്ള മൺസൂൺ മഴയെ ഇതു പ്രതികൂലമായി ബാധിക്കുമെന്ന് കുസാറ്റ് കാലാവസ്ഥാ ഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. എസ്. അഭിലാഷ് നിരീക്ഷിക്കുന്നു.

വരാനിരിക്കുന്ന സീസണിൽ രാജ്യമൊട്ടാകെ മൺസൂണിന്റെ പ്രകടനം പൊതുവേ സാധാരണയിൽ കുറയുമെന്നാണ് കേന്ദ്ര കാലാവസ്ഥാ ഗവേഷണവകുപ്പിന്റെ ഇപ്പോഴുള്ള നിഗമനം. എന്നാൽ, കേരളത്തിൽ സാധാരണയോ അതിൽ കവിഞ്ഞുള്ള മഴയോ പ്രതീക്ഷിക്കാമെന്നാണ് കുസാറ്റ് റഡാർ ഗവേഷണകേന്ദ്രത്തിന്റെ കണക്കുകൂട്ടൽ.

മേയിലും തുടർന്ന് മൺസൂൺ ആരംഭിക്കുന്നതുവരെയും കേരളത്തിൽ പലയിടത്തും ഒറ്റപ്പെട്ട മഴയ്ക്കുള്ള സാധ്യതയേ ഉള്ളൂ. പകൽച്ചൂടിനും ശമനമുണ്ടാകും. അടുത്തിടെ ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട മോഖ ചുഴലി മൺസൂണിന് ഗുണകരമായി ഭവിച്ചുവെന്ന് ഗവേഷകർ ചൂണ്ടിക്കാട്ടുന്നു.

യു.ഡി.എഫിന്റെ സെക്രട്ടേറിയറ്റ് വളയൽ ഇന്ന്

തിരുവനന്തപുരം: രണ്ടാം പിണറായി സർക്കാരിന്റെ രണ്ടാം വാർഷികദിനമായ ഇന്നു യു.ഡി.എഫിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് വളയും. സർക്കാരിനെതിരേ കുറ്റപത്രവും അവതരിപ്പിക്കും.

രാവിലെ ഏഴിനു തിരുവനന്തപുരം ജില്ലയിലെ യു.ഡി.എഫ്. പ്രവർത്തകർ സെക്രട്ടേറിയറ്റിലെ ഗേറ്റുകൾ വളയും. എട്ടിനു കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ പ്രവർത്തകരും ഒൻപതിനു മുമ്പ് ഇടുക്കി, എറണാകുളം ജില്ലയിലെ പ്രവർത്തകരും സെക്രട്ടേറിയറ്റിനു മുന്നിൽ അണിനിരക്കും. 10നു സമരത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ നിർവഹിക്കും.

വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുക, സാമൂഹികക്ഷേമ പെൻഷന്റേത് ഉൾപ്പെടെയുള്ള പെൻഷൻ കുടിശിക ഉടൻ നൽകുക, അന്യായമായ നികുതി വർധന പിൻവലിക്കുക. കാർഷികോത്പന്നങ്ങളുടെ താങ്ങുവില പ്രഖ്യാപിക്കുക, നെല്ലു സംഭരണത്തിൽ കൃഷിക്കാർക്കു നൽകേണ്ട പണം ഉടൻ നൽകുക, വിള ഇൻഷുറൻസ് കുടിശിക നൽകുക, കെ.എസ്.ആർ.ടി.സിയിലെ ജീവനക്കാർക്കു ശമ്പള കുടിശിക നൽകുക, എ.ഐ. ക്യാമറ ഇടപാടിലെ അഴിമതിയെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തുക, കെ-ഫോൺ അഴിമതിയെക്കുറിച്ച് അന്വേഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ സർക്കാരിനെതിരായ കുറ്റപത്രത്തിൽ ഉന്നയിക്കും.

MUTHOOT CAPITAL SERVICES LIMITED
CIN: L67120KL1994PLC007726, Regd. Office: 3rd Floor, Muthoot Towers, M.G Road, Kochi - 682 035
Statement of Audited Financial Results for the Year Ended March 31, 2023.

Sl. No.	Particulars	Quarter ended 31.03.2023	Quarter ended 31.03.2022	Year ended 31.03.2023
1	Total income from operations	115 57	108 68	444 62
2	Net Profit/(Loss) for the period (before Tax, Exceptional and/or Extraordinary items)	37 07	-203 44	108 80
3	Net Profit/(Loss) for the period before tax (after Exceptional and/ or Extraordinary items)	37 07	-203 44	108 80
4	Net Profit/(Loss) for the period after tax (after Exceptional and/or Extraordinary items)	25 96	-151 83	78 68
5	Total Comprehensive Income for the period [Comprising Profit / (Loss) for the period (after tax) and Other Comprehensive Income (after tax)]	25 65	-152 11	77 92
6	Paid-up Equity Share Capital	16 45	16 45	16 45
7	Reserves (excluding Revaluation Reserve) as shown in the Audited Balance Sheet of Previous Year (as on 31.03.2022)	472 81		
8	Securities Premium Account	201 35	201 35	201 35
9	Net worth	489 25	411 34	489 25
10	Outstanding Debt	1893.06	1626.95	1893.06
11	Outstanding Redeemable Preference Shares	NIL	NIL	NIL
12	Debt Equity Ratio	3.87	4.20	3.87
13	Earnings Per Share (of Rs. 10/-each) (for continuing and discontinued operations)			
	1. Basic:	15.78	-92.31	47.84
	2. Diluted:	15.78	-92.31	47.84
14	Capital Redemption Reserve	NA	NA	NA
15	Debenture Redemption Reserve	NA	NA	NA
16	Debt Service Coverage Ratio	NA	NA	NA
17	Interest Service Coverage Ratio	NA	NA	NA

Note:
(a) The above is an extract of the detailed format of Financial Results filed with the Stock Exchanges under Regulation 33 & 52 of the SEBI (Listing Obligations and Disclosure Requirements) Regulations, 2015. The full format of the Financial Results are available on the National Stock Exchange of India website (URL: www.nseindia.com/corporates), the BSE Ltd website (URL: www.bseindia.com/corporates) and on the Company's website (URL: www.muthootcap.com/investors).
(b) For the other line items referred in regulation 52 (4) of SEBI (Listing Obligations and Disclosure Requirements) Regulations, 2015, pertinent disclosures have been made to the Stock Exchanges and can be accessed on the National Stock Exchange of India website (URL: www.nseindia.com/corporates),the BSE Ltd website (URL: www.bseindia.com/corporates).

For Muthoot Capital Services Limited
Kochi,
May 19, 2023

Sd/-
Thomas George Muthoot
Managing Director
DIN – 00011552

Sd/-
Thomas Muthoot
Director
DIN - 00082099